സംസ്ഥാനത്തെ ഗ്രാമീണ വൈദ്യുതി കണക്ഷൻ

49 [360] *ശ്രീ. വർക്കല കഹാർ:*
,, എ. സുജനപാൽ
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. എ. ചന്ദ്രൻ:
പ്രൊഫ. എ. ഡി. മുസ്തഫ:: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ വൈദ്യുതീകരണത്തിന് എന്തെല്ലാം പദ്ധതികളാണുള്ളത്;

(ബി) ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) ഇതിന് എന്ത് ചെലവ് വരുമെന്നും ഇക്കാര്യത്തിൽ കേന്ദ്ര സഹായം ലഭിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമീണ വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി. താഴെ പറയുന്ന പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കി വരുന്നത്.

(1) പ്രോജക്ട് ഇന്റൻസീവ് ഇലക്ട്രിഫിക്കേഷൻ (പി. ഐ. ഇ.)

(2) സ്പെഷ്യൽ പ്രോജക്ട് അഗ്രിക്കൾച്ചർ (എസ്. പി. എ.)

(3) പ്രധാനമന്ത്രി ഗ്രാമീൺ വൈദ്യുതീകരൺ യോജന (പി.എം.ജി.വൈ.)

(4) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.)

(ബി)

1. *പ്രോജക്ട് ഇന്റൻസീവ് ഇലക്ട്രിഫിക്കേഷൻ*

ഈ പദ്ധതി പ്രകാരം 50 സ്കീമുകൾ ആണ് ഉള്ളത്. 168 കി.മീ. 11 കെ. വി. ലൈൻ വലിക്കൽ, 1447 കി.മീ. എൽ.റ്റി. ലൈൻ വലിക്കൽ, 138 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 1,25,314 സർവ്വീസ് കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ. ആർ. ഇ. സി.യുടെ വായ്പാ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജില്ലകളിലുമുള്ള റൂറൽ ഡിവിഷനുകളിൽ (50 എണ്ണം) ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. *സ്പെഷ്യൽ പ്രോജക്ട് അഗ്രിക്കൾച്ചർ*

ഈ പദ്ധതി പ്രകാരം 17 സ്കീമുകൾ ആണ് ഉള്ളത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം കാർഷികാവശ്യത്തിനുള്ള കണക്ഷനുകൾ നൽകുക എന്നതാണ്. പതിനൊന്ന് കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കൽ, 97.5 കി.മീ. എൽ.റ്റി.ലൈൻ വലിക്കൽ, 12 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, അഗ്രികൾച്ചർ സർവ്വീസ് കണക്ഷൻ നൽകുക എന്നിവയാണ് ഈ വർഷം ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ആർ. ഇ. സി. യുടെ വായ്പാ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം ഉത്തരമേഖലയിലുള്ള 17 ബ്ലോക്കുകളിലാണ് ലഭ്യമാകുന്നത്.

3. *പ്രധാനമന്ത്രി ഗ്രാമീൺ വൈദ്യുതീകരൺ യോജന*

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 454 പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് 11.89 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി 5.945 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 3.0438 കോടി രൂപ ചെലവാക്കി, 134 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 31-12-2005-നകം ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

4. *രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന*

കേരളത്തിലെ 930 റവന്യൂ വില്ലേജുകളിലായി 3578 കരകൾ വൈദ്യുതീകരിക്കുന്നതിലേക്ക് 9298 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 9096 കി.മീ 11 കെ.വി. ലൈനും 3955 കി.മീ. എൽ. റ്റി. ലൈനുകളും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2,08,735 ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

25 സബ്സ്റ്റേഷനുകൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. 2005-2007 കാലയളവിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2007-മാണ്ടോടെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കേന്ദ്രഗവൺമെന്റിന്റെ ഫണ്ടിംഗ് ഏജൻസിയായ ആർ.ഇ.സി.യുടെ ധനസഹായത്തോടെ (വായ്പയായി) പ്രോജക്ട് ഇൻസീവ് ഇലക്ട്രിഫിക്കേഷൻ പദ്ധതിയിലും സ്പെഷ്യൽ പ്രോജക്ട് പദ്ധതിയിലുമായി 46.298 കോടി രൂപയുടെ ചെലവാണ് ഈ വർഷം പ്രതീക്ഷിക്കുന്നത്. ഇതിന്റെ ധനസഹായം വായ്പയായി ആർ. ഇ. സി. യിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും പി. എം. ജി. വൈ. പദ്ധതി പ്രകാരം ലഭിച്ച 5.945 കോടി രൂപയിൽ ഇതുവരെ ചെലവാക്കിയ 3.0438 കോടി രൂപ കഴിച്ച് ബാക്കിയുള്ള 2.9017 കോടി രൂപ കൂടി 31-12-2005-നു മുമ്പ് ചെലവാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആർ. ജി. ജി. വി. വൈ. (RGGVY) പദ്ധതിയിൽ ഈ വർഷം 220 കോടി രൂപയുടെ പ്രവൃത്തിയാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം ഒന്നാം ഘട്ടമായി ഏഴു ജില്ലകളിലേക്ക് 221.75 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള അനുവാദം ആർ. ഇ. സി. യിൽ നിന്നും ലഭിച്ചു കഴിഞ്ഞു. ഈ ധനസഹായത്തിന്റെ ഒന്നാം ഗഡു ഉടൻതന്നെ ആർ.ഇ.സി.യിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. (90% ഗ്രാന്റായും 10% ലോണായും). രണ്ടാം ഘട്ടത്തിന്റെ (ബാക്കി ഏഴു ജില്ലകളിലേക്കുള്ളത്) പ്രവൃത്തികളുടെ അനുവാദം താമസം കൂടാതെ ആർ. ഇ. സി.യിൽ നിന്നും ലഭിക്കുന്നതാണ്.

സബ്സ്റ്റേഷൻ നിർമ്മാണം

50 [361] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പാലയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷൻ, അന്തിക്കാട് 33 കെ. വി. സബ്സ്റ്റേഷൻ എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ രണ്ട് സബ്സ്റ്റേഷനുകൾക്കായി എത്ര സെന്റ് വീതം സ്ഥലം വാങ്ങി; ആരിൽ നിന്നാണ് സ്ഥലം വാങ്ങിയത്; ഇതിനായി ചെലവഴിച്ച തുക എത്ര യെന്നറിയിക്കാമോ;

(സി) ഈ രണ്ട് സബ്സ്റ്റേഷനുകളുടെയും നിർമ്മാണം എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ഡി) ചിറയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) കൂർക്കഞ്ചേരി മേഖലയിൽ 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കൂർക്കഞ്ചേരി മേജർ സെക്ഷൻ ആഫീസ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ചേർപ്പ് സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) പെരിങ്ങോട്ടുകര, ചിറയ്ക്കൽ സെക്ഷൻ ആഫീസുകൾ ചേർത്ത് ചേർപ്പ് മേജർ സെക്ഷൻ ആഫീസായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly